212 84/...

# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6803** **10/07/2014-ൽ മറുപടിക്ക്**

## മരുന്നുകൾ കാലാവധിക്ക് ശേഷം നശിപ്പിക്കുന്നതിന് മാനദണ്ഡങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. കെ. വിജയൻ | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ആരോഗ്യ വകുപ്പിന്റെ കീഴിൽ വിതരണം ചെയ്യാനായി വാങ്ങുന്ന മരുന്നുകൾ കാലാവധിക്ക് ശേഷം നശിപ്പിക്കുന്നതിന് ഏതെല്ലാം മാനദണ്ഡങ്ങളാണ് പാലിക്കേണ്ടത് ; | (എ) | ആരോഗ്യ വകുപ്പിന്റെ കീഴിൽ വിതരണം ചെയ്യാനായി വാങ്ങുന്ന മരുന്നുകൾ കാലാവധിയ്ക്കുശേഷം നശിപ്പിക്കുന്നതിന് താഴെപ്പറയുന്ന മാനദണ്ഡങ്ങളാണ് കോർപ്പറേഷൻ സ്വീകരിച്ചിട്ടുള്ളത്.<br><br>2010 ൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജില്ലാ മെഡിക്കൽ ആഫീസർ ചെയർമാനായും ഡ്രഗ് ഇൻസ്പെക്ടർ, മലിനീകരണ നിയന്ത്രണ ബോർഡ് പ്രതിനിധി, ജില്ലാ സ്റ്റോർ വെരിഫിക്കേഷൻ ആഫീസർ, സ്റ്റോർ സൂപ്രണ്ട്, ഫാർമസിസ്റ്റ്, സ്റ്റോർ കീപ്പർ/ സ്ഥാപന ത്തിലെ ഫാർമസിസ്റ്റ്, നഴ്സിംഗ് സൂപ്രണ്ട്/ ഹെഡ് നഴ്സ്/ പ്രസ്തുത സ്ഥാപനത്തിലെ സ്റ്റാഫ് നഴ്സ്, വെയർഹൗസ് മാനേജർ എന്നിവരടങ്ങുന്ന ജില്ലാതല കമ്മിറ്റി രൂപീകരിച്ചു.<br><br>ആരോഗ്യവകുപ്പിൽ കാലാവധി കഴിഞ്ഞ മരുന്നുകൾ നശിപ്പിക്കുന്നതിനുള്ള കണ്ടംനേഷൻ കമ്മിറ്റി കൂടി തീരുമാനിച്ച് ബയോ മെഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കാനുള്ള "IMAGE" (IMA Goes Ecofriendly) സ്കീമിൽ ചേർന്നിട്ടുള്ള സ്ഥാപനങ്ങൾ "ഇമേജ്" വഴി നീക്കം ചെയ്ത് നശിപ്പിക്കേണ്ടതാണ്.<br><br>പ്രാഥമികാരോഗ്യ കേന്ദ്രം / സാമൂഹികാരോഗ്യ കേന്ദ്രം തുടങ്ങിയ ഈ സ്കീമിൽ ചേർന്നിട്ടില്ലാത്ത സ്ഥാപനങ്ങൾ പരിസ്ഥിതിയ്ക്ക് ഹാനികരമാകാത്ത രീതിയിൽ ആഴത്തിലുള്ള കുഴികളെടുത്ത് (Deep Burial) സംസ്കരിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | ആരോഗ്യ വകുപ്പ് 2014 ജൂൺ മാസം ഇത്തരം മരുന്നുകൾ നശിപ്പിക്കാൻ ഇടയായ സാഹചര്യം ഏതാണെന്ന് വിശദമാക്കാമോ ; | (ബി) | ആരോഗ്യ വകുപ്പ് മരുന്നുകൾ നശിപ്പിച്ചിട്ടില്ല. |
| (സി) | ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ സൂക്ഷിച്ച മരുന്നുകൾ നശിപ്പിക്കുമ്പോൾ നിലവിലുള്ള മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിച്ചിട്ടില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ബാധകമല്ല. |
| (ഡി) | ഇപ്പോൾ ഏതെല്ലാം മരുന്നുകളാണ് നശിപ്പിച്ചത് ; വിശദാംശം ലഭ്യമാക്കുമോ ? | (ഡി) | മരുന്നുകൾ നശിപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ